8703
25/4/18

കേരള സർക്കാർ

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡിലെ അംഗീകൃത തസ്തികകളുടെ ശമ്പളം, അലവൻസുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ. ഉ. (കൈ) നം.04/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 21.04.2018.

പരാമർശം:- 1. സ.ഉ.(കൈ)നം. 05/2013/പി.സ.വി.വ., തീയതി 05.03.2013.
2. സ.ഉ.(പി)നം. 07/2016/ധന., തീയതി 20.01.2016.
3. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 07.04.2016-ലെ 565/ഇ 1/2016/കെ.എസ്.ബി.സി.ഡി.സി. നമ്പർ കത്ത്.
4. സ.ഉ.(സാധാ)നം. 18/2018/പി.വി.വി.വ., തീയതി 23.02.2018.

## ഉത്തരവ്

28.02.1995 -ൽ രൂപം കൊണ്ട കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി വിവിധ തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പരാമർശം (2) ലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 10-ാം ശമ്പള പരിഷ്കരണ ശുപാർശ പ്രകാരം അനുവദിച്ച ആനുകൂല്യങ്ങൾ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ജീവനക്കാർക്കും ബാധകമാക്കണമെന്നഭ്യർത്ഥിച്ച് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ജീവനക്കാരുടെ തസ്തിക വിന്യാസം (Annexure I- പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. പരാമർശം (4)-ലെ ഉത്തരവിലെ Annexure II-ൽ സൂചിപ്പിച്ചിട്ടുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ജീവനക്കാർക്ക്, 10-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം, 01.07.2014 പ്രാബല്യത്തിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i). 01.07.2014 ന് നിലവിലുള്ള 80% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും പരിഷ്കരിച്ച സ്കെയിലിൽ 01.07.2014 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതും തുടർന്നുള്ള ക്ഷാമബത്താ നിരക്കുകൾ സ.ഉ.(പി)നം. 07/2016/ധന. നമ്പർ ഉത്തരവിന്റെ ഖണ്ഡിക 13 പ്രകാരം അനുവദിക്കാവുന്നതാണ്.

ii). ശമ്പള നിർണ്ണയം സംബന്ധിച്ച് 20.01.2016 -ലെ സ.ഉ.(പി)നം. 07/2016/ധന. നമ്പർ ഉത്തരവിന്റെ Annexure II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവ്വീസ് വെയ്റ്റേജ് കണക്കാക്കുന്നതിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലെ സേവനം മാത്രമേ പരിഗണിക്കാവൂ.

(.....2)

iii). വീട്ടുവാടക ബത്ത, സിറ്റി കോമ്പൻസേറ്ററി അലവൻസ് എന്നിവ 20.01.2016 ലെ സ.ഉ.(പി) നം. 07/2016/ധന. നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14, 16 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. സിറ്റി കോമ്പൻസേറ്ററി അലവൻസിന് നഗര പരിധിയിലുള്ള ഓഫീസിലെ ജീവനക്കാർക്ക് മാത്രം അർഹതയുണ്ടായിരിക്കുന്നതാണ്. പുതുക്കിയ അലവൻസുകളുടെ പ്രാബല്യത്തീയതി സ.ഉ.(പി)നം. 07/2016/ധന. നമ്പർ ഉത്തരവിന്റെ ഖണ്ഡിക 45 ൽ നിഷ്കർഷിക്കും പ്രകാരം 01.02.2016 ആയിരിക്കും.

iv). സമയബന്ധിത ഹയർ ഗ്രേഡ് 20.01.2016 ലെ സ.ഉ.(പി)നം. 07/2016/ധന. നമ്പർ ഉത്തരവിലെ Annexure III യിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. പരിഷ്കരിച്ച സമയബന്ധിത ഹയർ ഗ്രേഡിന്റെ പ്രാബല്യ തീയതി സ.ഉ.(പി)നം. 07/2016/ധന. നമ്പർ ഉത്തരവിന്റെ ഖണ്ഡിക 7 -ൽ പരാമർശിക്കും പ്രകാരം 01.02.2016 ആണ്.

v). ഭിന്ന ശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 800/- രൂപ സ്പെഷ്യൽ അലവൻസ് അർഹതയുണ്ടായിരിക്കുന്നതാണ്.

vi). മേൽ പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ / മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല.

vii). മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷിയോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർ നാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ) മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്തുവാൻ പാടില്ല.

viii). മുൻകൂർ അനുമതിയില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ, മുൻകൂർ സർക്കാർ അനുമതിയില്ലാതെ തസ്തികകളിൽ നിയമനം നടത്തുകയോ ചെയ്യാൻ പാടില്ല.

ix). ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുമ്പ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

x). ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക സംബന്ധിച്ച് സ.ഉ.(പി)നം. 07/2016/ധന. നമ്പർ ഉത്തരവിന്റെ ഖണ്ഡിക 46 -ൽ പരാമർശിക്കും പ്രകാരം സ്ഥാപനത്തിന്റെ സാമ്പത്തിക അവസ്ഥകൂടി പരിഗണിച്ചതിന് ശേഷം മാത്രമേ തീരുമാനം കൈക്കൊള്ളാവൂ.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ഡോ. വേണു. വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പാറ്റൂർ, വഞ്ചിയൂർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Vide PU-C3/128/2016-FIN, തീയതി 25.08.2017 പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (Vide PLGEA-BPE2/87/2016/PLGEA, തീയതി 29.11.2017 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്

(.....3)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

ANNEXURE - I

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

സ്റ്റാഫ് ഫിക്സേഷൻ

(Annexure to G.O.(Rt)No.18/2018/BCDD, dated 23.02.2018)

| ക്രമ നം. | തസ്തികയുടെ പേര് | അനുവദിച്ച തസ്തികകളുടെ എണ്ണം | തസ്തിക സൃഷ്ടിച്ചപ്പോഴുള്ള ശമ്പള സ്കെയിൽ | നിലവിലുള്ള ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | ജനറൽ മാനേജർ (എച്ച്.ആർ.എം & അഡ്മിൻ) | 1 | 3900 - 5075 | 36140 - 49740 |
| 2 | കമ്പനി സെക്രട്ടറി | 1 | 3900 - 5075 | 36140 - 49740 |
| 3 | ജനറൽ മാനേജർ (എഫ് & എ) | 1 | 3900 - 5075 | 36140 - 49740 |
| 4 | ജനറൽ മാനേജർ (പ്രോജക്ട്സ്) | 1 | 3900 - 5075 | 36140 - 49740 |
| 5 | മാനേജർ | 7 | 3000 - 5000 | 22360 - 37940 |
| 6 | അസിസ്റ്റന്റ് മാനേജർ | 12 | 2200 - 3500 | 20740 - 36140 |
| 7 | സീനിയർ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് | 1 | 2060 - 3200 | 19240 - 34500 |
| 8 | പ്രോജക്ട് അസിസ്റ്റന്റ് | 32 | 1640 - 2900 | 16180 - 29180 |
| 9 | സീനിയർ അസിസ്റ്റന്റ് / അക്കൗണ്ടന്റ് | 29 | 1640 - 2900 | 16180 - 29180 |
| 10 | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് | 15 | 1400 - 2600 | 13900 - 24040 |
| 11 | ജൂനിയർ അസിസ്റ്റന്റ് | 31 | 1200 - 2040 | 11620 - 20240 |
| 12 | ജൂനിയർ പ്രോജക്ട് അസിസ്റ്റന്റ് | 14 | 1050 – 1660 | 9940 - 16580 |
| 13 | ഡ്രൈവർ | 16 | 825 - 1250 | 9190 - 15780 |
| 14 | ഓഫീസ് അറ്റൻഡന്റ് | 42 | 775 - 1065 | 8500 - 13210 |
| 15 | പാർട്ട് ടൈം സ്വീപ്പർ | 16 | 370 Consolidated Pay | 4250 - 6700 |

# ANNEXURE – II

## (Annexure to G.O.(Ms)No.04/2018/BCDD, dated 21.04.2018)

| ക്രമ നം. | തസ്തികകളുടെ പേര് | 05.09.2014-ലെ സ.ഉ.(എം.എസ്) നം.22/2014/പിസവിവ പ്രകാരം പുനർനാമകരണത്തിന് ശേഷം അറിയപ്പെടുന്നത് | അനുവദനീയമായ തസ്തികകളുടെ എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|---|
| 1 | General Manager (Finance & Accounts) | സ.ഉ.(കൈ)നം. 08/2016/ പിസവിവ, തീയതി 03.10.2016 | 1 | 36140-49740 | 68700-110400 |
| 2 | Company Secretary | സ.ഉ.(കൈ)നം. 66/2014/ പിസവിവ, തീയതി 06.08.2014 | 1 | 36140-49740 | 68700-110400 |
| 3 | Manager (A&P) | General Manager (HRM&Admn) | 1 | 36140-49740 | 68700-110400 |
| 4 | Manager (Projects) | General Manager (Projects) | 1 | 36140-49740 | 68700-110400 |
| 5 | District Manager | Manager | 7 | 22360-37940 | 42500-87000 |
| 6 | Assistant Manager | Assistant Manager (Internal Audit) | 12 | 20740-36140 | 39500-83000 |
| 7 | P.A to MD | Senior Executive Assistant | 1 | 19240-34500 | 36600-79200 |
| 8 | Project Assistant | Project Assistant / Unit Manager | 32 | 16180-29180 | 30700-65400 |
| 9 | Senior Assistant / Cashier/ Accountant / Store Keeper | – | 29 | 16180-29180 | 30700-65400 |
| 10 | Steno Typist | Executive Assistant | 15 | 13900-24040 | 26500-56700 |
| 11 | Junior Assistant | -- | 31 | 11620-20240 | 22200-48000 |
| 12 | Junior Project Assistant | -- | 14 | 9940-16580 | 19000-43600 |
| 13 | Driver | Driver cum Office Attendant (G.O.(Ms) No. 72/2013/GAD) | 16 | 9190-15780 | 18000-41500 |
| 14 | Peon / Watchman | Office Attendant | 42 | 8500-13210 | 16500-35700 |
| 15 | Contingent Employee | – | 16 | 5520-8400<br>4850-7500<br>4250-6700 | 10620-16460<br>9340-14800<br>8200-13340 |